# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2353 08-05-2017 ൽ മറുപടിക്ക്

## അസാപ്പ് ട്രെയിനിംഗ്

**ചോദ്യം**

ശ്രീ.എം.രാജഗോപാലൻ

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ' അസാപ്പ് മുഖാന്തിരം ഏതെല്ലാം മേഖലയിൽ ട്രെയിനിംഗ് നൽകുന്നു ണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലും ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും നടപ്പാക്കി വരുന്ന അസാപ്പ് പദ്ധതി മുഖാന്തിരം താഴെപ്പറയുന്ന മേഖലകളിൽ ആണ് തൊഴിൽ പരിശീലനം നൽകുന്നത്.<br><br>1. അഗ്രിക്കൾച്ചർ<br>2. ഫുഡ് പ്രോസസ്സിംഗ്<br>3. ഹോസ്പിറ്റാലിറ്റി<br>4. ലോജിസ്റ്റിക്സ്<br>5. പ്ലംബിംഗ്<br>6. റീടെയിൽ<br>7. ടെലികോം<br>8. ഐ.ടി<br>9. ഐ.റ്റി.ഇ.എസ്.<br>10. ഇലക്ട്രോണിക്സ്<br>11. ബ്യൂട്ടി ആൻഡ് വെൽനെസ്സ്<br>12. ജെം ആൻഡ് ജ്വവലറി<br>13. ബാങ്കിംഗ് &ഫിനാൻസ്<br>14. റബ്ബർ<br>15. അക്കൗണ്ടിംഗ്<br>16. മീഡിയ & എന്റർടെയിൻമെന്റ്<br>17. അപ്പാരൽ<br>18. ഹെൽത്ത് കെയർ<br>19. കൺസ്ട്രക്ഷൻ<br>20. ഓട്ടോമോട്ടീവ്<br>21. ഓട്ടോമോട്ടീവ് കാപിറ്റൽ ഗ്രൂപ്പ്<br>22. പ്രിന്റിംഗ്<br>23. സ്പോർട്സ് & ലെഷർ |

| | | | |
|---|---|---|---|
| (ബി) | പൊതു ജനങ്ങൾക്കായി പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ; | (ബി) | ഹയർസെക്കൻഡറി- കോളേജ് തലത്തിൽ പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൽ നൽകുന്ന പദ്ധതിയായ അസാപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ പൊതു ജനങ്ങൾക്ക് കൂടി പരിശീലനം നൽകിക്കൊണ്ട് പദ്ധതി വിപുലീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | അസാപ്പിലൂടെ പരിശീലനം ലഭിച്ച കുട്ടികൾക്ക് ലഭിക്കുന്ന തൊഴിലവസരങ്ങളെക്കുറിച്ചു വ്യക്തമാക്കാമോ? | (സി) | അസാപ്പിലൂടെ തൊഴിൽ പരിശീലനം ലഭിക്കുന്ന കുട്ടികൾക്ക് പഠിക്കുന്ന കോഴ്സിനനുസരിച്ചുള്ള തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് അനുസരിച്ച് വിവിധ തലത്തിലുള്ള കോഴ്സുകളാണ് അസാപ്പ് നൽകുന്നത്. വ്യവസായ മേഖല രൂപം നൽകിയ കരിക്കുലം, വ്യവസായ മേഖലയിലെ പരിചയ സമ്പന്നരായ പരിശീലകർ, വ്യവസായശാലകളിലുള്ള150 മണിക്കൂർ ഇന്റേൺഷിപ്പ് എന്നീ ഘടകങ്ങൾ കുട്ടികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ തുറന്നു കിട്ടുവാൻ സഹായിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ